# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് അറുപത്തൊമ്പത്

## ജീവപ്രമാണത്തിന്റെ പ്രവർത്തനം

Sat — കൂടാരത്തിൽ അഭിഷേകത്തിന്റെയും ജീവപ്രമാണത്തിന്റെയും വ്യക്തമായ ഒരു ചിത്രം നാം കാണുന്നു. അഭിഷേകം കൂടാരത്തിന്മേലായിരുന്നു, കാരണം കൂടാരവും അതിലുള്ള സകലവും എണ്ണകൊണ്ട് അഭിഷേകം ചെയ്തിരുന്നു (പുറ. 40:9). നാം കണ്ടതുപോലെ, കൂടാരത്തിന്റെ ഏറ്റവും ഉള്ളിലുള്ള കാര്യം ന്യായപ്രമാണ സാക്ഷ്യമായ ന്യായപ്രമാണ പലകകളായിരുന്നു. അഭിഷേകം പുറത്തും ജീവപ്രമാണം അകത്തുമാണെന്ന് ഈ ചിത്രത്തിലൂടെ നാം കാണുന്നു. പഴയനിയമത്തിൽ അഭിഷേകം പ്രവർത്തനത്തിലേക്കുള്ള ഒരു ഉദ്ഘാടനത്തിനു വേണ്ടിയായിരുന്നു. ഉദാഹരണത്തിന്, പ്രാകാരത്തിൽ ഒരു യാഗപീഠമുണ്ടായിരുന്നു, എന്നാൽ അതിനെ അഭിഷേകം ചെയ്യുന്നതിനുമുമ്പ് അതിന് പ്രവർത്തിക്കുവാൻ കഴിഞ്ഞില്ല. ഇതുപോലെ, കൂടാരമടിച്ചിട്ടുണ്ടായിരുന്നെങ്കിലും, അതിനെ അഭിഷേകം ചെയ്യുന്നതുവരെ അതിന് പ്രവർത്തിക്കുവാൻ കഴിഞ്ഞില്ല. ഇക്കാരണത്താൽ, അഭിഷേകം ജീവന്റെയോ പ്രകൃതത്തിന്റെയോ ഒരു കാര്യമല്ല; അത് പ്രവർത്തനത്തിനുവേണ്ടിയുള്ള ഉദ്ഘാടനത്തിന്റെ കാര്യമാണ്. നിങ്ങൾ അഭിഷേകം ചെയ്യപ്പെടുമ്പോഴെല്ലാം നിങ്ങളുടെ പ്രവർത്തനത്തിലേക്ക് നിങ്ങൾ ഉദ്ഘാടനം ചെയ്യപ്പെടുകയാണ്.

ന്യായപ്രമാണം കൂടാരത്തിന്മേൽ വിരിച്ചിരിക്കുകയായിരുന്നില്ല; അതിനെ കൂടാരത്തിന്റെ മധ്യത്തിൽ വച്ചിരുന്നു. ദൈവത്തിന്റെ ജനമായ യിസ്രായേൽമക്കളുടെ മധ്യത്തിൽ കൂടാരമുണ്ടായിരുന്നു, അത് ചണവസ്ത്രംകൊണ്ടുള്ള മറശ്ശീലയാൽ അടയ്ക്കപ്പെട്ടിരുന്നു. കൂടാരത്തിനുള്ളിൽ വിശുദ്ധസ്ഥലവും, വിശുദ്ധസ്ഥലത്തിനുള്ളിൽ അതിവിശുദ്ധസ്ഥലവും, അതിവിശുദ്ധസ്ഥലത്തിനുള്ളിൽ പെട്ടകവും, പെട്ടകത്തിനുള്ളിൽ ദൈവമുണ്ടായിരുന്ന ഇടമായ പ്രപഞ്ചത്തിന്റെ ഹൃദയവും ഉണ്ടായിരുന്നു. പ്രാചീന കാലങ്ങളിൽ തന്റെ ജനം പ്രവർത്തിക്കണമെന്നോ ചില പ്രവർത്തനങ്ങളിൽ ഏർപ്പെടണമെന്നോ ദൈവം ആവശ്യപ്പെട്ടില്ല; അവർ ന്യായപ്രമാണപ്രകാരം ജീവിക്കുകയും നടക്കുകയും ചെയ്യണമെന്ന്

അവൻ ആവശ്യപ്പെട്ടു. ആരെങ്കിലും ന്യായപ്രമാണത്തോടുള്ള ബന്ധത്തിൽ തെറ്റായിരുന്നുവെങ്കിൽ, അവൻ ദൈവത്തോടുള്ള ബന്ധത്തിലും തെറ്റായിരുന്നു. ദൈവം ന്യായപ്രമാണപ്രകാരം യിസ്രായേൽമക്കളുടെ ദൈവവും, അവർ ന്യായപ്രമാണപ്രകാരം അവന്റെ ജനവും ആയിരുന്നു.

പുതിയനിയമത്തിൽ അഭിഷേകത്തെ നിരവധി തവണ പരാമർശിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, സുവിശേഷം പ്രസംഗിക്കുവാൻ താൻ അഭിഷേകം ചെയ്യപ്പെട്ടിരുന്നുവെന്ന് ലൂക്കൊസ് 4:18-ൽ കർത്താവായ യേശു പറഞ്ഞു: ആനന്ദതൈലംകൊണ്ട് കർത്താവ് അഭിഷേകം ചെയ്യപ്പെട്ടിരുന്നുവെന്ന് എബ്രായർ 1:9 പറയുന്നു. അപ്പൊസ്തലനായ യോഹന്നാനും നിരവധി തവണ അഭിഷേകത്തെക്കുറിച്ച് സംസാരിക്കുന്നു (യോഹ. 9:6; 1 യോഹ. 2:20, 27). ദൈവത്തിന്റെ പ്രകൃതത്തിൽനിന്നു വരുന്ന ആന്തരിക ജീവപ്രമാണത്തെക്കുറിച്ചും പുതിയനിയമം പരാമർശിക്കുന്നു. പുതിയനിയമത്തിൽ ദിവ്യജീവനെക്കുറിച്ച് നൂറിലധികം പ്രാവശ്യം പരാമർശിച്ചിട്ടുണ്ട്. ഈ ദിവ്യജീവൻ നമ്മുടെ ആളത്തത്തിലേക്ക് പകരപ്പെട്ടിരിക്കുന്നു. പുറമെയുള്ള അഭിഷേകത്തിന് മിക്ക ക്രിസ്ത്യാനികളും ശ്രദ്ധനൽകുന്നുവെങ്കിലും, ആന്തരികമായ ജീവപ്രമാണത്തെ അവഗണിക്കുന്നു. പെന്തക്കോസ്തു പ്രസ്ഥാനത്തിൽ അനേകർ അഭിഷേകത്തെക്കുറിച്ച് സംസാരിക്കുന്നു. കൂടാരത്തിന്മേലുള്ള അഭിഷേകത്തെ അവർ അനുഭവിക്കാമെങ്കിലും, അവർ അതിവിശുദ്ധസ്ഥലത്തുള്ള പെട്ടകത്തിലേക്ക് പ്രവേശിക്കുകയും ന്യായപ്രമാണ പലകകളെ സ്പർശിക്കുകയും ചെയ്യുന്നില്ല.

കർത്താവിന്റെ പ്രത്യുദ്ധാരം ജീവപ്രമാണത്തിലായിരിക്കുന്ന അത്രയും അഭിഷേകത്തിലായിരിക്കുന്നില്ല എന്നു കാണുവാൻ നമ്മുടെ കണ്ണുകൾ തുറക്കപ്പെടണം. പുതിയനിയമത്തിൽ അഭിഷേകം ഇരുപതിൽ താഴെ പ്രാവശ്യം പരാമർശിച്ചിട്ടുണ്ട്, എന്നാൽ ജീവൻ നൂറിലധികം പ്രാവശ്യം പരാമർശിച്ചിരിക്കുന്നു. "ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു" എന്നു പറയുന്ന ഗലാത്യർ 2:20-ഉം, "ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം നിങ്ങൾ നിമിത്തം ഞാൻ വീണ്ടും പ്രസവവേദനപ്പെടുന്ന എന്റെ കുഞ്ഞുങ്ങളേ" എന്നു പറയുന്ന ഗലാത്യർ 4:19-ഉം പോലെയുള്ള വാക്യങ്ങൾ അനേകം ക്രിസ്ത്യാനികൾക്കും സുപരിചിതമാണ്. അനേകം ക്രിസ്ത്യാനികൾക്ക് ഈ വാക്യങ്ങൾ അറിയാമെങ്കിലും, അവർ അവയ്ക്ക് യാതൊരു ശ്രദ്ധയും നൽകുന്നില്ല. പകരം, പെന്തക്കോസ്തുകാർ അവരുടെ ശ്രദ്ധ വരങ്ങളുടെ പ്രകടനത്തിനായി ഉഴിഞ്ഞുവയ്ക്കുന്നു. അവന്റെ പ്രത്യുദ്ധാരത്തിൽ, കർത്താവു നമ്മെ വീണ്ടും വീണ്ടും പുറമെയുള്ളതിൽനിന്നും അകമെയുള്ളതിലേയ്ക്കു തിരിക്കുന്നു.

## ക്രിസ്തുവിനെത്തന്നെ സ്പർശിക്കുവാനുള്ള ആവശ്യം

നാം രക്ഷിക്കപ്പെടുകയും സഭാജീവിതത്തിൽ ആയിരിക്കുകയും ചെയ്യുന്നുവെങ്കിലും, നമ്മിൽ പലരും ഇപ്പോഴും സഭയുടെ പ്രാകാരത്തിലാണ്. ചിലർ പ്രാകാരത്തിൽപോലും ആയിരിക്കുകയില്ല, മറിച്ച് പ്രാകാരത്തിനു വെളിയിലുള്ള വീഥിയിലാണ്. മറ്റുള്ളവർ പ്രാകാരത്തെക്കാൾ അധികം ദൂരം പോയിരിക്കുന്നു, അവർ യാഗപീഠവും തൊട്ടിയും കടന്ന് വിശുദ്ധസ്ഥലത്ത് ക്രിസ്തുവിനെ കാഴ്ചയപ്പമായും നിലവിളക്കായും, ജീവസഹായമായും ജീവന്റെ വെളിച്ചമായും ആസ്വദിക്കുന്നു. നമ്മിൽ അനേകർ ഈ രീതിയിൽ ക്രിസ്തുവിനെ ആസ്വദിക്കുന്നതിനായി കർത്താവിനു സ്തോത്രം. എങ്കിലും, ഇത് ഇപ്പോഴും വിശുദ്ധസ്ഥലമാണ്. നാം മുന്നോട്ടുവന്ന് അതിവിശുദ്ധസ്ഥലത്തിലേക്കു പ്രവേശിക്കണം. അതിവിശുദ്ധസ്ഥലത്ത് നാം പെട്ടകത്തെ, ക്രിസ്തുവിനെത്തന്നെ സ്പർശിക്കുന്നു. മറഞ്ഞിരിക്കുന്ന മന്നയും, തളിർക്കുന്ന വടിയും, ജീവപ്രമാണവുമെല്ലാം ക്രിസ്തുവിലാണ്. ക്രിസ്തുവിനെ എത്രത്തോളം നാം സ്പർശിക്കേണം! ക്രിസ്തു ഇന്ന് അതിവിശുദ്ധ സ്ഥലത്താണ്. അതിവിശുദ്ധസ്ഥലം സ്വർഗത്തോടു യോജിപ്പിച്ചിരിക്കുന്ന നമ്മുടെ ആത്മാവിനെ സൂചിപ്പിക്കുന്നു, കാരണം ക്രിസ്തു എന്ന വ്യക്തി ഭൂമിയെ സ്വർഗത്തോടു യോജിപ്പിക്കുകയും, സ്വർഗത്തെ ഭൂമിയിലേക്ക് ഇറക്കിക്കൊണ്ടുവരുകയും ചെയ്യുന്ന ഗോവണിയാണ് (യോഹ. 1:51). നമ്മുടെ ആത്മാവിൽ നാം തുടർച്ചയായി ക്രിസ്തുവിനെ സ്പർശിക്കുന്നുവെങ്കിൽ, നാം അവനെ മറഞ്ഞിരിക്കുന്ന മന്നയായും, തളിർക്കുന്ന വടിയായും ആസ്വദിക്കും. അപ്പോൾ നമ്മുടെ ദിവസവുമുള്ള ജീവിതവും നടപ്പും ഏതെങ്കിലും ഉപദേശത്തിനോ, വേലയ്ക്കോ, പ്രവർത്തനത്തിനോ, പ്രസ്ഥാനത്തിനോ അനുസരിച്ചായിരിക്കുകയില്ല, പിന്നെയോ ജീവപ്രമാണമനുസരിച്ച്, ത്രിയേകദൈവത്തിന്റെ പ്രകൃതത്തിന്റെ പ്രവർത്തനമനുസരിച്ച് ആയിരിക്കും. ക്രിസ്തുവിന്റെ മൂലകത്തെ നമ്മുടെ ആളത്തത്തിലേക്കു ചേർക്കുകയും, നമ്മെ രൂപാന്തരപ്പെടുത്തുകയും, ദൈവം ആഗ്രഹിക്കുന്ന അനേകം പുത്രന്മാരെ ഉളവാക്കുകയും ചെയ്തുകൊണ്ട് ദൈവത്തിന്റെ പ്രകൃതം ഇപ്പോൾ നമ്മുടെ ഉള്ളിൽ നീങ്ങുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

## ദിവ്യജനനം

മിക്ക ക്രിസ്ത്യാനികളും കേന്ദ്രത്തിൽനിന്നും അകലെയാണ്. ഞാൻ യുവാവായിരുന്നപ്പോൾ പാപത്തിന്മേലുള്ള ജയത്തെക്കുറിച്ചുള്ള നിരവധി പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്. ഈ പുസ്തകങ്ങൾ പാപത്തെ ജയിക്കുവാൻ നിരവധി വഴികൾ കാണിച്ചുതരുന്നു.

എന്നാൽ ആ വഴികളൊന്നും ഒരിക്കലും പ്രവർത്തിച്ചില്ല. ഒടുവിൽ 1 യോഹന്നാൻ 3:9-ൽ ഒരു വിലയേറിയ വചനം ഞാൻ കണ്ടെത്തി: "ദൈവത്തിൽനിന്ന് ജനിച്ചവൻ ആരും അവന്റെ വിത്ത് അവനിൽ വസിക്കുന്നതുകൊണ്ട്, പാപം അഭ്യസിക്കുന്നില്ല: അവൻ ദൈവത്തിൽനിന്ന് ജനിച്ചിരിക്കുന്നതുകൊണ്ട് പാപം ചെയ്യുവാൻ കഴിയുന്നതുമില്ല." നാം പാപം ചെയ്യുന്നുവോ ഇല്ലയോ എന്നത് നാം ദൈവത്തിൽനിന്നു ജനിച്ചുവോ ഇല്ലയോ എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ദൈവത്തിൽനിന്നു ജനിച്ചവൻ ഒരിക്കലും പാപം ചെയ്യുന്നില്ല. കൂടാതെ 1 യോഹന്നാൻ 5:4 പറയുന്നു, "ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നതെല്ലാം ലോകത്തെ ജയിക്കുന്നു." അതുകൊണ്ട്, പാപത്തെയും ലോകത്തെയും ജയിക്കുന്നത് ഒരു രീതിയെ ആശ്രയിച്ചിരിക്കുന്നില്ല: അത് ദൈവത്തിൽനിന്നുള്ള ജനനത്തെ ആശ്രയിച്ചിരിക്കുന്നു. നാം ദൈവത്തിൽനിന്നു ജനിച്ചപ്പോൾ ദിവ്യജീവൻ അതിന്റെ പ്രകൃതത്തോടും പ്രമാണത്തോടുംകൂടെ നമ്മുടെ ആളത്തത്തിലേക്ക് പകരപ്പെട്ടിരുന്നു. ഈ ദിവ്യ ജീവൻ അതിന്റെ പ്രകൃതത്തോടും അതിന്റെ പ്രമാണത്തോടുംകൂടെ നമുക്കുള്ളിടത്തോളം, സകലവും ശരിയായിരിക്കും.

## ജീവപ്രമാണത്തിന്റെ രൂപപ്പെടുത്തുന്ന പ്രവർത്തനം

വേദപുസ്തകം മനസ്സിലാക്കുന്നതിൽ നമ്മുടെ സ്വാഭാവിക ധാരണകളാൽ നാം വളരെയധികം സ്വാധീനിക്കപ്പെട്ടിട്ടുണ്ട്. മുമ്പ്, ജീവപ്രമാണത്തിന്റെ പ്രവർത്തനം നമ്മെ നിയന്ത്രിക്കുന്നതിനായിരുന്നു എന്നു ഞാൻ പറഞ്ഞു. ഈ ധാരണയനുസരിച്ച്, നമ്മുടെ ഭാര്യയോട് നാം വാദിക്കാൻ തുടങ്ങുമ്പോൾ, ജീവപ്രമാണം നമ്മെ നിയന്ത്രിക്കുന്നു. നമ്മുടെ സ്വാഭാവിക ധാരണയനുസരിച്ചുള്ള ഈ ഉപദേശം കൃത്യമല്ല. ഒരു ആപ്പിൾവൃക്ഷത്തെ പരിഗണിക്കുക. അതിന്റെ ആപ്പിൾവൃക്ഷ ജീവന് ആപ്പിൾവൃക്ഷ പ്രകൃതമുണ്ട്: ഈ ആപ്പിൾവൃക്ഷ പ്രകൃതത്തിൽനിന്നും പുറത്തുവരുന്നതാണ് ആപ്പിൾജീവന്റെ പ്രമാണം. ആപ്പിൾവൃക്ഷത്തിലുള്ള ജീവപ്രമാണം അത് തെറ്റിപ്പോകുന്നതിൽനിന്നും അതിനെ നിയന്ത്രിക്കുന്നുവോ? തീർച്ചയായും ഇല്ല. ആപ്പിൾജീവന്റെ പ്രമാണം ഈ രീതിയിൽ പ്രവർത്തിക്കുന്നില്ല. പിന്നെ എങ്ങനെയാണ് അതു പ്രവർത്തിക്കുന്നത്? ഒരു ആപ്പിൾവൃക്ഷത്തിന്റെ ജീവൻ വളരുമ്പോൾ അതിന്റെ പ്രമാണം അതിന്റെ ജീവന്റെ രൂപത്തെ രൂപപ്പെടുത്തുന്നു. അങ്ങനെ, ഒരു ആപ്പിൾവൃക്ഷം ഫലം പുറപ്പെടുവിക്കുമ്പോൾ, അത് ശരിയായ രൂപത്തോടുകൂടെ, ആപ്പിളുകളുടെ രൂപത്തിൽ, ഫലം പുറപ്പെടുവിക്കുന്നു. ഒരു പീച്ച് വൃക്ഷത്തെ സംബന്ധിച്ചും ഇങ്ങനെ തന്നെയാണ്. ഇക്കാരണത്താൽ, ജീവന്റെ പ്രമാണം നാം തെറ്റു ചെയ്യുന്നതിൽനിന്നും നമ്മെ നിയന്ത്രിക്കുന്നില്ല. അത് ജീവന്റെ ആകൃതിയെ നിയന്ത്രിക്കുന്നു.

ഒരു ജീവൻ വളരുന്നില്ലെങ്കിൽ, ആ ജീവന്റെ പ്രമാണത്തിന് പ്രവർത്തിക്കുവാൻ കഴിയുകയില്ല. ജീവൻ വളരുന്നതനുസരിച്ചു മാത്രമേ പ്രമാണം പ്രവർത്തിക്കുന്നുള്ളൂ. എന്തു ചെയ്യരുത് എന്നു നമ്മോടു പറഞ്ഞുകൊണ്ട് ജീവന്റെ പ്രമാണം പ്രഥമമായും പ്രതിലോമ അർഥത്തിലല്ല പ്രവർത്തിക്കുന്നത്. മറിച്ച്, ജീവൻ വളരുമ്പോൾ ജീവന്റെ പ്രമാണം നമ്മെ രൂപപ്പെടുത്തുന്ന, അതായത് ക്രിസ്തുവിന്റെ സ്വരൂപത്തോട് നമ്മെ അനുരൂപപ്പെടുത്തുന്ന അനുലോമ അർഥത്തിൽ പ്രവർത്തിക്കുന്നു. ഇതാണ് ജീവപ്രമാണത്തിന്റെ പ്രവർത്തനം.

ജീവപ്രമാണം എപ്പോഴും നിങ്ങളെ തിരുത്തുമെന്നു ചിന്തിക്കരുത്. ഉദാഹരണത്തിന്, നിങ്ങളുടെ ഭാര്യയുമായി വാദപ്രതിവാദം ചെയ്യാൻ തുടങ്ങുമ്പോൾ, അവളോട് തർക്കിക്കുന്നതിൽനിന്നും ജീവപ്രമാണം നിങ്ങളെ കേവലം നിയന്ത്രിക്കുകയില്ല. ജീവപ്രമാണത്തിന്റെ പ്രവൃത്തി നാം ചിന്തിച്ചിരിക്കുന്നതുപോലെ അത്ര താണതല്ല. നമ്മുടെ മാനുഷികവും, സ്വാഭാവികവും, മതപരവുമായ ധാരണ നിമിത്തം നാം ജീവപ്രമാണത്തിന്റെ പ്രവർത്തനത്തെ വളരെയധികം വിലകുറച്ചുകളഞ്ഞു. നാമെല്ലാവരും പാപ-കേന്ദ്രീകൃതരും, പാപ-ബോധമുള്ളവരുമായിരിക്കുന്നു, എന്നാൽ നാം പാപ-കേന്ദ്രീകൃതരോ, പാപ-ബോധമുള്ളവരോ ആയിരിക്കരുത്. പാപത്തെയും, ലോകത്തെയും, നമ്മുടെ മ്ലേച്ഛമായ ജഡത്തെയും, നമ്മുടെ ചീത്ത ശീലങ്ങളെയും ജയിക്കുന്നതുമായി നാം മുഴുകിയിരിക്കുന്നുവെങ്കിലും, ദൈവം പറയും, "ഈ കാര്യങ്ങളെക്കുറിച്ച് മറന്നേക്കുക! നീ വീണ്ടുംജനിച്ച ദിവസം ഒരു മണ്ഡലത്തിൽനിന്നും മറ്റൊന്നിലേക്ക് നിന്നെ മാറ്റിയെന്ന് നീ തിരിച്ചറിയുന്നില്ലേ? ദയവുചെയ്ത് നീ പഴയ മണ്ഡലത്തെക്കുറിച്ച് മറക്കുമോ?" നാം ദൈവത്തിൽനിന്നും ജനിച്ചിരിക്കുന്നതിനായി അവനെ സ്തുതിക്കുക! ഈ ദിവ്യജനനം നമ്മെ ഒരു പുതിയ മണ്ഡലത്തിലേക്ക്, പാപമോ, ലോകമോ, ജഡമോ ഇല്ലാത്ത ഒരു മണ്ഡലത്തിലേക്ക് മാറ്റിയിരിക്കുന്നു. ഈ മണ്ഡലത്തിൽ ജീവപ്രമാണത്തിന്റെ പ്രവർത്തനമുണ്ട്. ജീവപ്രമാണം മുഖ്യമായും നമ്മെ നിയന്ത്രിക്കുന്നില്ല എന്ന് ഓർക്കുക; അത് മുഖ്യമായും ക്രിസ്തുവിന്റെ സ്വരൂപത്തോട് നമ്മെ അനുരൂപപ്പെടുത്തിക്കൊണ്ട് നമ്മെ രൂപപ്പെടുത്തുകയാണ്.

മുമ്പ്, ജീവപ്രമാണത്തിന്റെ ഈ വിഷയം ഞാൻ കണ്ടുവെങ്കിലും, എന്റെ സ്വാഭാവിക ഗ്രാഹ്യത്തിന്റെ സ്വാധീനത്തിൻകീഴിലായിരുന്നതു നിമിത്തം ജീവപ്രമാണത്തിന്റെ പ്രവർത്തനം മുഖ്യമായും നമ്മെ നിയന്ത്രിക്കാനാണെന്ന് ഞാൻ ചിന്തിച്ചു. ഈ സ്വാഭാവിക ഗ്രാഹ്യം ജീവപ്രമാണത്തിന്റെ പ്രവർത്തനത്തിന്റെ ദർശനത്തെ തടസ്സപ്പെടുത്തി. അടുത്ത കാലത്ത് കർത്താവ് എന്നെ ശാസിച്ചു. കർത്താവ് എന്നോടു ചോദിച്ചു, "ജീവപ്രമാണം

മുഖ്യമായും നിയന്ത്രിക്കുകയാണെന്ന് നിന്നോട് ആരു പറഞ്ഞു? ഇങ്ങനെയുള്ള ഒരു വചനം നിനക്ക് വേദപുസ്തകത്തിൽ കണ്ടെത്തുവാൻ കഴിയുകയില്ല. എന്തുകൊണ്ട് നിനക്ക് റോമർ 8:2-ഉം 29-ഉം ഉപയോഗിച്ചുകൂടാ?" റോമർ 8:2-ലെ ജീവന്റെ പ്രമാണം നാം തെറ്റിപ്പോകുന്നതിൽനിന്നും നമ്മെ നിയന്ത്രിക്കുന്നില്ല. ഈ ധാരണ നമ്മുടെ മാനുഷികവും, സ്വാഭാവികവും, ധാർമ്മികവും, മതപരവുമായ ഗ്രാഹ്യമനുസരിച്ചാണ്. നമുക്ക് റോമർ 8:29-ന്റെ ഒരു ദർശനം ആവശ്യമാണ്. നാം ഇപ്പോൾ മറ്റൊരു മണ്ഡലത്തിലായതിനാൽ യാതൊരു നിയന്ത്രണങ്ങളും ആവശ്യമില്ല. ഈ മണ്ഡലത്തിൽ പാപമോ, ലോകമോ, ജഡമോ, സ്വയമോ ഇല്ല. ആപ്പിൾവൃക്ഷം, പീച്ച് വൃക്ഷം എന്നീ രണ്ടു വൃക്ഷങ്ങളെ പരിഗണിക്കുക. അവയ്ക്ക് പാപമോ, ലോകമോ, ജഡമോ, സ്വയമോ ഇല്ല. എന്നാൽ രണ്ടു വൃക്ഷങ്ങൾക്കും അവയെ രൂപപ്പെടുത്തുന്ന ഒരു ജീവപ്രമാണമുണ്ട്. ജീവപ്രമാണത്താലുള്ള ഈ രൂപപ്പെടുത്തലാണ് റോമർ 8:29-ലെ "അനുരൂപരാകുവാൻ" എന്ന പദത്തിന്റെ അർഥം. ജീവന്റെ ആത്മാവിന്റെ പ്രമാണം നമ്മെ ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ സ്വരൂപത്തോട് അനുരൂപപ്പെടുത്തുന്നു. ജീവൻ വളരുമ്പോൾ, പ്രമാണം നമ്മെ ക്രിസ്തുവിന്റെ സ്വരൂപത്തോട് അനുരൂപപ്പെടുത്തുന്നു. ക്രിസ്തുവിന് എങ്ങനെ നമ്മിൽ രൂപപ്പെടുവാൻ കഴിയും? അവന്റെ സ്വരൂപത്തോട് നമ്മെ രൂപപ്പെടുത്തുന്ന ജീവപ്രമാണത്തിന്റെ അനുലോമ പ്രവർത്തനത്താൽ മാത്രം. ഈ യാഥാർഥ്യവും സ്വാഭാവിക ധാരണയും തമ്മിൽ എത്ര വ്യത്യാസം!

സാത്താൻ തന്ത്രശാലിയാണ്. ജീവപ്രമാണത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് വേദപുസ്തകം വ്യക്തമായി നമ്മോടു പറയുന്നുവെങ്കിലും, നമ്മുടെ സ്വാഭാവിക ധാരണയാൽ നാം കുരുടാക്കപ്പെട്ടിരുന്നു. കർത്താവിനെ അന്വേഷിക്കുന്നവരും എന്നാൽ തങ്ങളുടെ സ്വാഭാവിക ധാരണയാൽ കുരുടാക്കപ്പെട്ടവരുമായ അനേകം വിശുദ്ധന്മാർ പാപത്തെ ജയിക്കുന്നത് എങ്ങനെയെന്നതിനെ സംബന്ധിച്ച് പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. പാപത്തെ ജയിക്കുവാൻ നിങ്ങൾ ശ്രമിക്കുന്നില്ലെങ്കിൽ, അത് നിങ്ങളിൽ ഉറങ്ങിക്കിടന്നേക്കാം. എന്നാൽ അതിനെ ജയിക്കുവാൻ നിങ്ങൾ ശ്രമിക്കുന്നുവെങ്കിൽ അതു പറയും, "എന്ത്! എന്നെ തോല്പിക്കാൻ നീ ശ്രമിക്കുകയാണോ?" നമ്മിൽ അനേകർക്കും ചില ബലഹീന കാര്യങ്ങളുണ്ട്. നാം അവയ്ക്ക് ശ്രദ്ധ നൽകുന്നില്ലെങ്കിൽ, അവ നിഷ്ക്രിയവും നിദ്രാവസ്ഥയിലും ആയിരിക്കും. എന്നാൽ നാം അവയെക്കുറിച്ച് ബോധവാനായിരിക്കുകയും, നമ്മുടെ വിശുദ്ധിക്കുവേണ്ടി അവയെ ജയിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നുവെങ്കിൽ, അവ എഴുന്നേറ്റ് നമ്മെ തോല്പിക്കും. അവയെ തൊടാതിരിക്കുന്നതാണ് നമുക്കു നല്ലത്. നമുക്ക് ഒരു

പുതിയ ജനനം, ഒരു ദിവ്യജനനം ഉള്ളതിനായി കർത്താവിനെ സ്തുതിക്കുന്നു. ഈ പുതിയ ജനനത്തിൽ ബലഹീന കാര്യങ്ങളെ ാന്നുമില്ല. അവിടെ ദിവപ്രകൃതത്തോടുകൂടെയുള്ള ദിവ്യജീവനും, നമ്മെ രൂപപ്പെടുത്തുകയും ക്രിസ്തുവിന്റെ സ്വരൂപത്തോട് നമ്മെ അനുരൂപപ്പെടുത്തുകയും ചെയ്യുന്ന ദിവ്യപ്രമാണവും മാത്രമേ ഉള്ളൂ. എങ്കിലും, ഈ രൂപപ്പെടുത്തലിനു ജീവനിലുള്ള വളർച്ച ആവശ്യമാണ്, കാരണം ജീവപ്രമാണം ജീവൻ വളരുമ്പോൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ജീവപ്രമാണം പാപത്തിന്റെ മണ്ഡലത്തിലല്ലാത്തതുകൊണ്ട്, അത് പാപത്തിൽനിന്നും നമ്മെ നിയന്ത്രിക്കുന്നില്ല: അത് പാപമോ, ലോകമോ, ജഡമോ, സ്വയമോ ഇല്ലാത്ത ദിവ്യജീവന്റെ മണ്ഡലത്തിലാണ്. ജീവൻ വളരുമ്പോൾ, അതിന്റെ പ്രമാണം പ്രവർത്തിക്കുന്നു, മുഖ്യമായും നമ്മെ നിയന്ത്രിക്കാനോ നമ്മെ തിരുത്താനോ അല്ല, മറിച്ച് നമ്മെ രൂപപ്പെടുത്താൻ, ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ സ്വരൂപത്തോട് നമ്മെ അനുരൂപപ്പെടുത്താൻ ആണ്. ഒടുവിൽ, ജീവപ്രമാണത്തിന്റെ പ്രവർത്തനത്തിലൂടെ, നാം എല്ലാവരും ദൈവത്തിന്റെ പക്വതയുള്ള പുത്രന്മാരായിത്തീരുകയും, ദൈവത്തിന് തന്റെ സാർവത്രികമായ സംഘാത ആവിഷ്കാരം ഉണ്ടായിരിക്കുകയും ചെയ്യും.

Tue

## ഒരു ഉപസംഹാര വാക്ക്

തന്റെ പൂർണ്ണമായ, സംഘാതമായ ആവിഷ്കാരം ഉണ്ടായിരിക്കേണ്ടതിന് അനേകം പുത്രന്മാരെ ഉളവാക്കുക എന്നതാണ് ദൈവത്തിന്റെ ഇംഗിതം. ഇതാണ് ദൈവത്തിന്റെ ദിവ്യ വ്യവസ്ഥയുടെ നിസ്തുലമായ ലക്ഷ്യം. ദൈവതേജസ്സിന്റെ പ്രഭയും അവന്റെ സത്തയുടെ മുദ്രയുമായ (എബ്രാ. 1:3) അവന്റെ ഏകജാതനായ പുത്രൻ മനുഷ്യജീവനിൽ ദൈവത്തെ പ്രഖ്യാപിക്കുവാനും ആവിഷ്കരിക്കുവാനും ഒരു മനുഷ്യനായിത്തീർന്നു. അവന്റെ മനുഷ്യത്വത്തിൽ, ദൈവത്തിന്റെ ഏകജാതനായ പുത്രനായ ക്രിസ്തു ദൈവത്തെ ആവിഷ്കരിച്ചു. അവന്റെ മനുഷ്യത്വത്തിൽ, ദിവ്യത്വത്തോടും മനുഷ്യത്വത്തോടുംകൂടെ ദൈവത്തിന്റെ ആദ്യജാതനായ പുത്രനായിരിക്കുവാൻ തന്റെ പുനരുത്ഥാനത്തിലൂടെ അവൻ ദൈവത്താൽ ജനിക്കുകയും ചെയ്തു. ഇപ്പോൾ, ദിവ്യത്വത്തോടും മനുഷ്യത്വത്തോടുംകൂടെയുള്ള ദൈവത്തിന്റെ ആദ്യജാതനായ പുത്രനെന്ന നിലയിൽ വൻതോതിലുള്ള ഒരു ഉല്പാദനത്തിനുവേണ്ടി ക്രിസ്തു പ്രതിരൂപവും മാതൃകയുമാണ്. അവന്റെ പുനരുത്ഥാനത്തിലൂടെ, അവനിൽ വിശ്വസിക്കുന്ന എല്ലാവരും ദൈവത്തിന്റെ അനേകം പുത്രന്മാരായിത്തീരുവാൻ വീണ്ടുംജനിപ്പിക്കപ്പെട്ടു. ദൈവത്തിന്റെ അനേകം പുത്രന്മാരും, ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ അനേകം സഹോദരന്മാരുമായ നാമാണ് സഭയെ സംരചിക്കുന്നത്.

ദൈവത്തിന്റെ ആദ്യജാതനായ പുത്രൻ തികവു പ്രാപിച്ചവനും തേജസ്കരിക്കപ്പെട്ടവനുമായി, ഇപ്പോൾ തേജസ്സിന്റെ മണ്ഡലത്തിലേക്കു പ്രവേശിച്ച വഴിയൊരുക്കുന്നവനാണ്. അവൻ യുദ്ധംചെയ്തു നമ്മുടെ രക്ഷാനായകനും, തന്റെ അനേകം സഹോദരന്മാരായ നമ്മെ അവന്റെ തേജസ്സിലേക്കു കൊണ്ടുപോകുവാൻ നേതൃത്വമെടുക്കുന്നവനുമാണ്. ഇപ്പോൾ സ്വർഗത്തിൽ നമ്മുടെ മഹാപുരോഹിതനെന്ന നിലയിൽ, അവൻ ആയിരിക്കുന്നതും, അവൻ നിർവഹിച്ചതും, അവൻ നേടിയതുമായ സകലത്തെയും തന്റെ വിശ്വാസികളിലേക്ക് അവൻ ശുശ്രൂഷിച്ചുകെ ാണ്ടിരിക്കുന്നു. സ്വർഗത്തിലുള്ള അവന്റെ ശുശ്രൂഷ മേന്മയേറിയ ഒരു ശുശ്രൂഷ, ശ്രേഷ്ഠമേറിയ ഒരു ശുശ്രൂഷ ആണ് (എബ്രാ. 8:6), കാരണം അതിലൂടെ അവൻ ആയിരിക്കുന്ന സകലവും, അവൻ ചെയ്ത സകലവും തന്റെ പുനരുത്ഥാന ജീവനിൽ നമ്മിലേക്കു അവൻ ശുശ്രൂഷിക്കുന്നു. ഒരുവശത്ത്, മഹാപുരോഹിതനായി നമ്മിലേക്ക് ജീവനെ ശുശ്രൂഷിച്ചുകൊണ്ട് അവൻ സ്വർഗത്തിലിരിക്കുന്നു; മറുവശത്ത്, ജീവൻ-നൽകുന്ന ആത്മാവെന്ന നിലയിൽ, നമ്മുടെ ജീവനായിരിക്കുവാൻ ഇപ്പോൾ നമ്മുടെ ആത്മാവിലും ഇരിക്കുന്നു. അത്ഭുതവാനായ ക്രിസ്തു തന്നെയായ നമ്മിലുള്ള ഈ ജീവനിൽ, നമ്മുടെ ആളത്തത്തിന്റെ ആഴങ്ങളിൽ സ്ഥിരമായി വേല ചെയ്യുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ദിവ്യജീവന്റെ പ്രമാണമുണ്ട്.

മുൻകുറിയനുസരിച്ച്, ന്യായപ്രമാണം ദൈവത്തിന്റെ സാക്ഷ്യമായിരുന്നു, കാരണം ന്യായപ്രമാണം ദൈവം എന്തായിരിക്കുന്നുവോ അതിന്റെ ആവിഷ്കാരമായിരുന്നു. ഈ ന്യായപ്രമാണം ദൈവത്തിന്റെ വാസസ്ഥലമായ കൂടാരത്തിലെ അതിവിശുദ്ധസ്ഥലത്തുള്ള പെട്ടകത്തിൽ വച്ചിരുന്നു. നാം ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ അനേകം സഹോദരന്മാരാണെന്നും (2:11), നാം സഭയാണെന്നും (2:12), നാം ദൈവത്തിന്റെ നിയമിക്കപ്പെട്ടവന്റെയും അഭിഷിക്തന്റെയും കൂട്ടാളികളാണെന്നും (1:9; 3:14), നാം ദൈവത്തിന്റെ ഭവനമാണെന്നും (3:6) എബ്രായലേഖനം നമ്മോടു പറയുന്നു. ദൈവഭവനമെന്നത് അതിവിശുദ്ധസ്ഥലമുള്ള കൂടാരത്താൽ മുൻകുറിക്കപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ വാസസ്ഥലത്തിനു തുല്യമാണ്. അതുകൊണ്ട്, ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ അനേകം സഹോദരന്മാരും, സഭയും, ദൈവത്തിന്റെ നിയമിക്കപ്പെട്ടവന്റെയും അഭിഷിക്തന്റെയും കൂട്ടാളികളും, ദൈവഭവനവുമായ നാം ഇന്ന് ദൈവത്തിന്റെ യഥാർഥ വാസസ്ഥലമാണ്. ഈ വാസസ്ഥലത്തിൽ അതിവിശുദ്ധസ്ഥലമുണ്ട്. ഈ അതിവിശുദ്ധസ്ഥലം ദൈവത്തിന്റെ ആദ്യജാതനായ തേജസ്കരിക്കപ്പെട്ട പുത്രൻ ഇരിക്കുന്നിടമായ സ്വർഗത്തോടു യോജിപ്പിച്ചിരിക്കുന്ന നമ്മുടെ വീണ്ടുംജനിച്ച ആത്മാവാണ്.

Wed ക്രിസ്തു ഇപ്പോൾ സ്വർഗത്തിലും നമ്മുടെ ആത്മാവിലും ഉണ്ട്. സ്വർഗത്തിൽ അവൻ, തന്റെ രാജകീയവും ദിവ്യവുമായ പൗരോഹിത്യമുള്ള മഹാപുരോഹിതനെന്ന നിലയിൽ, അവൻ ആയിരിക്കുന്ന സകലവും അവൻ ചെയ്ത സകലവും നമ്മിലേക്ക് ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്നു. ജീവപ്രമാണത്തോടുകൂടെയുള്ള ജീവൻ-നൽകുന്ന ആത്മാവെന്ന നിലയിൽ അവൻ നമ്മുടെ ആത്മാവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ, സ്വർഗത്തിലുള്ള അവന്റെ ശുശ്രൂഷയും നമ്മുടെ ആത്മാവിലുള്ള അവന്റെ പ്രവർത്തനവും പരസ്പരം യോജിക്കുന്നു. സ്വർഗത്തിലുള്ള അവന്റെ ശുശ്രൂഷ നമ്മുടെ ആത്മാവിലുള്ള അവന്റെ പ്രവർത്തനത്താൽ, അവന്റെ വേലയാൽ നിർവഹിക്കപ്പെടുന്നു. അവൻ ആയിരിക്കുന്നതും അവൻ ചെയ്തതുമായ സകലതും നമ്മുടെ ആത്മാവിലുള്ള ജീവപ്രമാണത്തിന്റെ പ്രവർത്തനത്തിലൂടെ ഇപ്പോൾ നമ്മിലേക്കു പണിതുചേർക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

കൂടാരത്തിലെ സകല ഉപകരണങ്ങളാലും ചിത്രീകരിക്കപ്പെട്ട വ്യക്തമായ ചിത്രം മുഖാന്തരം, ഈ അത്ഭുതവാനായ ക്രിസ്തുവിന്റെ അനുഭവത്തിന്റെ ലക്ഷ്യം ജീവപ്രമാണത്തിന്റെ പ്രവർത്തനത്തിൽ നാം പൂർണമായി പങ്കെടുക്കേണ്ടതിന് നമ്മെ അതിവിശുദ്ധസ്ഥലത്തിലേക്ക് കൊണ്ടുവരുന്നതാണെന്ന് നമുക്കു കാണുവാൻ കഴിയും. നാം കണ്ടതുപോലെ, നാം ഒന്നാമതായി പ്രാകാരത്തിലെ യാഗപീഠത്തിൽ ക്രിസ്തുവിനെ നമ്മുടെ വീണ്ടെടുപ്പായി അനുഭവിക്കുന്നു. ഇതിനുശേഷം, കഴുകുകയും വെടിപ്പാക്കുകയും ചെയ്യുന്ന ആത്മാവായി തൊട്ടിയിങ്കൽ നാം അവനെ അനുഭവിക്കുന്നു. ഇത് നമ്മെ വിശുദ്ധസ്ഥലത്തിലേക്കു കൊണ്ടുവരുന്നു; അവിടെ ജീവന്റെ അപ്പമായ നമ്മുടെ കാഴ്ചയപ്പമായും, ജീവന്റെ വെളിച്ചമായ നമ്മുടെ നിലവിളക്കായും നാം ക്രിസ്തുവിനെ ആസ്വദിക്കുന്നു. ഇതിനെത്തുടർന്ന്, ധൂപപീഠമായി നാം ക്രിസ്തുവിനെ അനുഭവിക്കുന്നു; അതിലൂടെ നാം അതിവിശുദ്ധസ്ഥലത്തേക്ക് ആനയിക്കപ്പെടുന്നു. ഇവിടെ അതിവിശുദ്ധസ്ഥലത്ത് മറഞ്ഞിരിക്കുന്ന മന്നയായും തളിർക്കുന്ന വടിയായും നാം ക്രിസ്തുവിനെ ആസ്വദിക്കുന്നു. ഈ ആസ്വാദനത്താൽ ജീവപ്രമാണത്തിൽ പൂർണമായി പങ്കെടുക്കുവാൻ നാം പ്രാപ്തരാക്കപ്പെടുന്നു. ഇവിടെ അതിവിശുദ്ധസ്ഥലത്തു മാത്രമാണ്, അതായത് വീണ്ടുംജനിച്ച നമ്മുടെ മനുഷ്യാത്മാവിൽ മാത്രമാണ്, ജീവപ്രമാണത്തിന്റെ പ്രവർത്തനത്തിൽ നമുക്ക് പൂർണമായി പങ്കെടുക്കുവാൻ കഴിയുന്നത്. ജീവപ്രമാണത്തിന്റെ പ്രവർത്തനം പ്രധാനമായും തെറ്റു ചെയ്യുന്നതിൽനിന്നും നമ്മെ നിയന്ത്രിക്കുന്നതല്ല, നാം മാതൃകയെപ്പോലെയായിത്തീരേണ്ടതിന് ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ സ്വരൂപത്തോട്, രൂപത്തോട് നമ്മെ അനുരൂപപ്പെടുത്തുന്നതാണ്.

എബ്രായലേഖനം വളരെ ആഴമേറിയതാണ്. അത് ദൈവത്തിന്റെ നിയമിക്കപ്പെട്ടവനും അഭിഷിക്തനുമെന്ന നിലയിലും, തേജസ്സിന്റെ മണ്ഡലത്തിലേക്കുള്ള വഴിയൊരുക്കുന്നവനെന്ന നിലയിലും, തന്റെ അനേകം സഹോദരന്മാരെ തേജസ്സിലേക്കു നയിക്കുന്ന രക്ഷാനായകനെന്ന നിലയിലും, തന്റെ സംഘാത ആവിഷ്കാരം ദൈവത്തിന് ഉണ്ടായിരിക്കേണ്ടതിന് തന്റെ സഹോദരന്മാരെ അവന്റെതന്നെ പുനരുല്പാദനമാക്കുവാൻ തന്റെ ദിവ്യത്വത്തിലും മനുഷ്യത്വത്തിലും അവൻ ആയിരിക്കുന്ന സകലതും അവൻ നേടിയിരിക്കുന്ന സകലതും അവരിലേക്കു ശുശ്രൂഷിക്കുന്ന തന്റെ രാജകീയവും ദിവ്യവുമായ പൗരോഹിത്യത്തിൽ മഹാപുരോഹിതനെന്ന നിലയിലും ക്രിസ്തുവിനെക്കുറിച്ചുള്ള അതിന്റെ വെളിപാടിൽ ആഴമേറിയതാണ്. അവന്റെ സ്വരൂപത്തോട് നമ്മെ അനുരൂപപ്പെടുത്തുവാൻ പ്രവർത്തിക്കുകയും വേലചെയ്യുകയും ചെയ്യുന്ന ജീവപ്രമാണത്തോടുകൂടെ നമ്മുടെ ജീവനാകുവാൻ ഈ അത്ഭുതവാനായ ക്രിസ്തു ഇന്ന് ദൈവത്തിന്റെ വാസസ്ഥലത്തിലെ അതിവിശുദ്ധസ്ഥലം തന്നെയായ നമ്മുടെ ആത്മാവിലേക്ക് ഇപ്പോൾ യോജിപ്പിക്കപ്പെട്ടിരിക്കുന്നു എന്ന വസ്തുതയെ അനാവരണം ചെയ്യുന്നതിലും എബ്രായലേഖനം ആഴമേറിതാണ്. ഇതാണ് മുഴുവൻ എബ്രായലേഖനത്തിന്റെയും ഏറ്റവും നിർണായകമായ കാര്യം. ഇതാണ് ഈ പുസ്തകത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന ക്രിസ്താനുഭവത്തിന്റെ നിർണായകമായ ദൃഷ്ടികേന്ദ്രം. കൃപാസനത്തെ സ്പർശിച്ചുകൊണ്ട് നമ്മുടെ ആവശ്യസമയത്ത് കൃപ ആസ്വദിക്കുവാൻ നാം അതിവിശുദ്ധസ്ഥലത്തിലേക്കു പ്രവേശിക്കേണ്ടതിന് നമ്മുടെ മനുഷ്യാത്മാവ് നമ്മുടെ ദേഹിയിൽനിന്നും വേർതിരിക്കപ്പെടണമെന്ന് 4:12 പറയുന്നത് ഇതുകൊണ്ടാണ്. ജീവപ്രമാണത്തിന്റെ പ്രവർത്തനത്തിൽ നാം പങ്കെടുക്കേണ്ടതിന് ധൈര്യത്തോടെ അതിവിശുദ്ധസ്ഥലത്തിലേക്ക് മുന്നോട്ടുവരുവാൻ 10:22 നമ്മെ ആജ്ഞാപിക്കുന്നതും ഇതുകൊണ്ടാണ്. ജീവപ്രമാണത്തിന്റെ ഈ പ്രവർത്തനത്തിലൂടെയാണ് സ്വർഗത്തിൽ ഇപ്പോൾ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്ന അതേ ക്രിസ്തുവിന് അവൻ ആയിരിക്കുന്നതും അവൻ നിവർത്തിച്ചതും നേടിയതുമായ സകലവും നമ്മുടെ ആളത്തത്തിലേക്ക് ശുശ്രൂഷിക്കുവാൻ കഴിയുന്നത്; അത് നമ്മെ രൂപാന്തരപ്പെടുത്തുവാൻ മാത്രമല്ല, അവന്റെ അനേകം സഹോദരന്മാരായ നാം പൂർണമായും അവൻ ആയിരിക്കുന്നതുപോലെ ആകേണ്ടതിന് അവന്റെ സ്വരൂപത്തോട് അനുരൂപപ്പെടുത്തുവാനും ആണ്. ഈ രീതിയിൽ, തന്റെ പൂർണ ആവിഷ്കാരമായി ദൈവത്തിന് അനേകം പുത്രന്മാർ ഉണ്ടായിരിക്കും. ഇതാണ് ദൈവത്തിന്റെ ദിവ്യവ്യവസ്ഥയുടെ ലക്ഷ്യം. സ്വർഗത്തിൽ മഹാപുരോഹിതനായി ക്രിസ്തു ശുശ്രൂഷിക്കുന്നതിലൂടെയും

ജീവപ്രമാണം മുഖാന്തരം നമ്മുടെ ആത്മാവിനുള്ളിൽ ജീവൻ-നൽകുന്ന ആത്മാവെന്ന നിലയിൽ അവൻ പ്രവർത്തിക്കുന്നതിലൂടെയും മാത്രമേ ഈ ലക്ഷ്യം കൈവരിക്കുവാൻ സാധിക്കുകയുള്ളൂ.